**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കൽപ്പറ്റ ബ്ലോക്കിലെ എക്സ്റ്റൻഷൻ ഓഫീസറായിരുന്ന ശ്രീ.ദേവസ്യ കഴപ്പിലിന്റെ സസ്പെൻഷൻ കാലം ക്രമീകരിച്ചത് - അപ്പീൽ അപേക്ഷ തീർപ്പാക്കി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ TA നമ്പർ 5901/2012 (WP(C) No.18564/2011) ൻ മേലുള്ള 19.06.2014 തീയതിയിലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർബി) വകുപ്പ്**

**സ.ഉ.(സാധാ) നം. 2908/2014/തസ്വഭവ തിരുവനന്തപുരം, തീയതി, 07.11.2014.**

---

പരാമർശം:
1) ഗ്രാമവികസന കമ്മീഷണറുടെ 19.10.2010-ലെ 25934/എസ്റ്റാ.എ4/2006/സിആർഡി നമ്പർ നടപടിക്രമം
2) ഗ്രാമവികസന കമ്മീഷണറുടെ 16.11.2010-ലെ 25934/എസ്റ്റാ.എ4/2006/സിആർഡി നമ്പർ നടപടിക്രമം
3) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ TA നമ്പർ 5901/2012 (WP(C) No.18564/2011)ൻ മേലുള്ള 19.06.2014 തീയതിയിലെ ഉത്തരവ്.
4) ശ്രീ. ദേവസ്യ കഴപ്പിൽ സമർപ്പിച്ച 02.08.2014 തീയതിയിലെ അപേക്ഷ.
5) ഗ്രാമവികസന കമ്മീഷണറുടെ 17.09.2014-ലെ 25934/എസ്റ്റാ.എ4/2006/സിആർഡി നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കൽപ്പറ്റ ബ്ലോക്കിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറായി ജോലി ചെയ്തുവരവെ, വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്തതിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ശ്രീ.കെ.ദേവസ്യയെ പ്രോസിക്യൂട്ട് ചെയ്യാൻ സർക്കാർ അനുമതി നൽകിയതിനെത്തുടർന്ന് വയനാട് ജില്ലാ കളക്ടർ 14.08.1987-ലെ എസ്1.21381/87 നമ്പർ ഉത്തരവിലൂടെ ടിയാനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയുണ്ടായി. ശ്രീ.കെ.ദേവസ്യയെ സർവ്വീസിൽ പ്രവേശിപ്പിക്കാൻ 29.04.1992-ലെ ഗവണ്മെന്റ് ഉത്തരവ് (സാധാ) നമ്പർ 107/92/Vig പ്രകാരം സർക്കാർ അനുമതി നൽകിയതിനെത്തുടർന്ന് 21.05.1992-ലെ ഗ്രാമവികസന കമ്മീഷണറുടെ

18755/എസ്റ്റാ.ബി2/92/സിആർഡി നമ്പർ ഉത്തരവ് പ്രകാരം ടിയാനെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ച് ഉത്തരവായിരുന്നു. (14.08.1987 മുതൽ 30.06.1992 വരെ ശ്രീ.കെ.ദേവസ്യ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സസ്പെൻഷനിലായിരുന്നു.) ടിയാന് 1995-ൽ ജനറൽ എക്സ്റ്റൻഷൻ ഓഫീസറായും 1996-ൽ എക്സ്റ്റൻഷൻ ഓഫീസർ (ഐ.ആർ.ഡി) ആയും സ്ഥാനക്കയറ്റം ലഭിക്കുകയുമുണ്ടായി.

2) മേൽ പരാമർശിച്ച ക്രമക്കേടുകളുടെ അടിസ്ഥാനത്തിലുള്ള സിസി4/1992 നമ്പർ കേസിൽ 31.12.1994-ൽ കോഴിക്കോട് വിജിലൻസ് കോടതി ശ്രീ.കെ.ദേവസ്യയെ ശിക്ഷിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ 04.12.1997-ലെ 30025/എസ്റ്റാ.എ2/95/സിആർഡി നമ്പർ ഉത്തരവിലൂടെ സസ്പെൻഡ് ചെയ്യുകയുമുണ്ടായി. തുടർന്ന് 13.09.1999-ലെ 30025/എസ്റ്റാ.എ2/95/സിആർഡി നമ്പർ ഉത്തരവിലൂടെ സുൽത്താൻ ബത്തേരി ബ്ലോക്ക് എക്സ്റ്റൻഷൻ ഓഫീസർ (ഐ.ആർ.ഡി) ആയ ശ്രീ.കെ.ദേവസ്യയെ 08.12.1997 തീയതി പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യുകയുമുണ്ടായി. സസ്പെൻഷൻ കാലയളവിൽ ടിയാന് ഉപജീവനപ്പടി നൽകിയിട്ടുമുണ്ട്. ശ്രീ.കെ.ദേവസ്യ വിജിലൻസ് കോടതി വിധിക്കും, അതിനെത്തുടർന്നുണ്ടായ ഹൈക്കോടതി വിധിക്കുമെതിരെ ബഹു.സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുകയും ആയതിന്മേലുള്ള സുപ്രീം കോടതി വിധി പ്രകാരം ശ്രീ.കെ.ദേവസ്യ ടിയാന്റെ മേൽ ചുമത്തപ്പെട്ടിരുന്ന കുറ്റങ്ങളിൽ നിന്നും സാങ്കേതികമായി കുറ്റവിമുക്തനാക്കപ്പെടുകയും ചെയ്തു. പ്രസ്തുത സാഹചര്യത്തിൽ 28.02.2007-ലെ 25934/ എസ്റ്റാ.എ4/06/സിആർഡി നമ്പർ ഉത്തരവിലൂടെ ശ്രീ.കെ.ദേവസ്യയെ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും, അന്നേ ദിവസം തന്നെ 55 വയസ്സ് പൂർത്തിയായി വിരമിക്കുകയും ചെയ്തു.

3) ബഹു.ഹൈക്കോടതിയുടെ 03.01.2008-ലെ ഉത്തരവിൻ പ്രകാരം ടിയാന്റെ 08.12.1997 മുതൽ 28.02.2007 വരെയുള്ള സർവ്വീസിൽ നിന്നും വിട്ടുനിന്ന കാലം 18.10.2008-ലെ 17351/ എസ്റ്റാ.എ3/08/സിആർഡി നമ്പർ ഉത്തരവിലൂടെ നോൺ ഡ്യൂട്ടിയായി പരിഗണിച്ച് ക്രമീകരിച്ചിട്ടുള്ളതാകുന്നു. ബഹു.ഹൈക്കോടതിയിൽ ശ്രീ.കെ.ദേവസ്യ സമർപ്പിച്ച WP(C) No.19467/10 ന് മേലുള്ള 23.06.2010 തീയതിയിലെ വിധി പ്രകാരം ടിയാന്റെ 14.08.1987 മുതൽ 30.06.1992 വരെയുള്ള സസ്പെൻഷൻ കാലം അർഹതപ്പെട്ട അവധിയായി ക്രമീകരിക്കുന്നതിന് താൽക്കാലികമായി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിനെതിരെ

എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ 15 ദിവസങ്ങൾക്കകം രേഖാമൂലം അറിയിക്കേണ്ടതാണെന്നുള്ള നിർദ്ദേശം നൽകിക്കൊണ്ടുള്ള 15.09.2010-ലെ നോട്ടീസ് ടിയാന് നൽകുകയും, 29.09.2010-ൽ ടിയാൻ മറുപടി സമർപ്പിക്കുകയുമുണ്ടായി. ആയത് പ്രകാരം ടി സസ്പെൻഷൻ കാലം ഡ്യൂട്ടിയായി പരിഗണിക്കണമെന്ന് ടിയാൻ അപേക്ഷിച്ചിരുന്നു. എന്നാൽ ഏകദേശം 5 വർഷക്കാലം (14.08.1987 മുതൽ 30.06.1992 വരെ) ടിയാന്റെ വേലവിലക്ക കാലം ഡ്യൂട്ടിയായി പരിഗണിക്കുക സാധ്യമല്ലാത്ത സാഹചര്യത്തിൽ ടി കാലം അർഹതപ്പെട്ട അവധിയായി പരിഗണിക്കുവാൻ കെ.എസ്. ആർ പാർട്ട് ഒന്നിലെ ചട്ടം 56 ബി(9) അടിക്കുറിപ്പ് 3 അനുസരിച്ച് ഉപജീവന ബത്ത തിരിച്ചടയ്ക്കുന്ന വ്യവസ്ഥ പ്രാബല്യത്തിലും (ധന ചട്ടങ്ങൾ) വകുപ്പിന്റെ 24.08.2007 (പി) 386/07, 10.12.2008-ലെ (പി) 548/08 നമ്പർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായും ഉത്തരവാകുകയും, എന്നാൽ ശ്രീ.കെ.ദേവസ്യയ്ക്ക് അർഹതപ്പെട്ട മറ്റ് അവധികൾ ഇല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത കാലയളവ് ശൂന്യവേതന അവധിയായി പരിഗണിക്കുന്നതിനും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

4) തുടർന്ന് ടിയാന് പെൻഷൻ ആനുകൂല്യങ്ങൾ, മോണിറ്ററി ആനുകൂല്യങ്ങൾ എന്നിവ അനുവദിക്കുന്നതിനും ടിയാന് 14.08.1987 മുതൽ 30.06.1992 വരെ അനുവദിച്ചിരുന്ന ഉപജീവന ബത്ത തിരിച്ചുപിടിക്കുന്നതിനും പരാമർശം(2) പ്രകാരം വയനാട് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)-നെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. ഇതിനെതിരെ ടിയാൻ ബഹു.ഹൈക്കോടതിയിൽ WP(C) No.18564/2011 ഫയൽ ചെയ്യുകയും ടി കേസ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലേക്ക് മാറ്റുകയും (TA No.5901/2012) ഒരു മാസത്തിനുള്ളിൽ ടിയാൻ അപേക്ഷ സർക്കാരിന് സമർപ്പിക്കണമെന്നും, അതിനുശേഷം 3 മാസത്തിനുള്ളിൽ ടിയാനെ നേരിൽ കേൾക്കുന്നതിനുള്ള അവസരം നൽകി ടിയാന്റെ അപേക്ഷ തീർപ്പാക്കണമെന്നും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിൻ പ്രകാരം ടിയാൻ പരാമർശം (4) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തു. ടിയാന്റെ അപേക്ഷയിൽ 14.08.1987 മുതൽ 30.06.1992 വരെയുള്ള വേലവിലക്കുകാലം ഡ്യൂട്ടിയായി പരിഗണിച്ച് എല്ലാ സർവ്വീസ് ആനുകൂല്യങ്ങളും നൽകണമെന്നും, ടിയാന് 14.08.1987 മുതൽ 30.06.1992 വരെ നല്കിയിരുന്ന ഉപജീവന ബത്ത തിരിച്ചുപിടിക്കണമെന്ന പരാമർശം(2)-ലെ ഉത്തരവ് സ്റ്റേ ചെയ്യണമെന്നുമാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

5) ശ്രീ.ദേവസ്യ കുഴപ്പിൽ സമർപ്പിച്ച അപേക്ഷയിന്മേൽ പരാമർശം (5) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ടിയാളുടെ 14.08.1987 മുതൽ 30.06.1992 വരെയുള്ള സസ്പെൻഷൻ കാലം അർഹതപ്പെട്ട അവധിയായി പരിഗണിക്കുവാൻ താൽക്കാലികമായി തീരുമാനിച്ചുകൊണ്ട് ടിയാനെ അറിയിച്ചിരുന്നുവെങ്കിലും, സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി പരിഗണിക്കണമെന്ന് ടിയാൻ മറുപടി സമർപ്പിക്കുകയും, ടി സസ്പെഷൻ കാലയളവിലേയ്ക്കുള്ള അവധി അപേക്ഷ സമർപ്പിക്കാത്ത സാഹചര്യത്തിലുമാണ് ടി കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ചുകൊണ്ടും, അതിൻ പ്രകാരം ഉപജീവന ബത്ത തിരിച്ചുപിടിക്കാനും ടി ഓഫീസിൽ നിന്നും ഉത്തരവായതെന്നും, ടിയാൻ അവധി അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിൽ ആയതിനു വിധേയമായി ടി കാലയളവിലെ സാമ്പത്തികാനുകൂല്യങ്ങൾ കൂടി ലഭിക്കുമായിരുന്നുവെന്നും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ വെളിച്ചത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി ശ്രീ.ദേവസ്യ കുഴപ്പിലിനെ 17.10.2014-ൽ നേരിൽ കേൾക്കുകയുണ്ടായി. ടിയാന്റെ 14.08.1987 മുതൽ 30.06.1992 വരെയുള്ള സസ്പെൻഷൻ കാലം അർഹതപ്പെട്ട അവധിയായി ക്രമീകരിച്ചുകൊണ്ടുള്ള ഗ്രാമവികസന കമ്മീഷണറുടെ ഉത്തരവ് (Exhibit P5) നിയമാനുസൃതമല്ലെന്നും, പ്രസ്തുത ഉത്തരവും, ടിയാൻ സർവ്വീസിൽ നിന്നും വിട്ടുനിന്ന കാലം നോൺ ഡ്യൂട്ടിയായി ക്രമീകരിച്ചിട്ടുള്ള 18.10.2008-ലെ ഗ്രാമവികസന കമ്മീഷണറുടെ ഉത്തരവും (Exhibit P2) പരസ്പര വിരുദ്ധമാണെന്നും ഹിയറിംഗ് സമയത്ത് ശ്രീ.ദേവസ്യ കുഴപ്പിൽ ബോധിപ്പിച്ചിരുന്നു.

7) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.ദേവസ്യ കുഴപ്പിൽ ബഹു.സുപ്രീം കോടതി മുമ്പാകെ ഫയൽ ചെയ്ത അപ്പീലിന്മേലുള്ള വിധിയുടെ അടിസ്ഥാനത്തിൽ ടിയാന്റെ മേൽ ചുമത്തപ്പെട്ടിരുന്ന കുറ്റങ്ങളിൽ നിന്നും സാങ്കേതികമായി കുറ്റവിമുക്തനാക്കപ്പെടുക മാത്രമാണ് ചെയ്തിട്ടുള്ളത്. ആയതിൻ പ്രകാരമാണ് ടിയാൻ സർവ്വീസിൽ നിന്നും വിട്ടുനിന്ന കാലയളവ് നോൺ ഡ്യൂട്ടിയായി ക്രമീകരിച്ചുകൊണ്ട് ഗ്രാമവികസന കമ്മീഷണർ ഉത്തരവായിട്ടുള്ളത്. തുടർന്ന് ബഹു.ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ടിയാന്റെ സസ്പെൻഷൻ കാലയളവ് (14.08.1987 മുതൽ

30.06.1992 വരെ) ക്രമീകരിക്കുന്നതിനു വേണ്ടി ടിയാനോട് ലീവ് അപേക്ഷ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ടിയാൻ അവധി അപേക്ഷയൊന്നും സമർപ്പിക്കാത്ത സാഹചര്യത്തിലാണ് പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ആയതിനാൽ ശ്രീ.ദേവസ്യ കുഴപ്പിലിനെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എല്ലാംതന്നെ കോടതി വിധികളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണെന്ന് വ്യക്തമാണ്. ഈ സാഹചര്യത്തിൽ കൽപ്പറ്റ ബ്ലോക്കിലെ എക്സ്റ്റൻഷൻ ഓഫീസർ (റിട്ടയേർഡ്) ആയ ശ്രീ.ദേവസ്യ കുഴപ്പിലിന്റെ പരാമർശം (4) പ്രകാരമുള്ള അപേക്ഷ നിരസിച്ച് തീർപ്പാക്കി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (3) പ്രകാരമുള്ള ഉത്തരവ് നടപ്പിലാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ടി.ജെ.ഉണ്ണികൃഷ്ണൻ**
**അണ്ടർ സെക്രട്ടറി**

ശ്രീ.ദേവസ്യ കുഴപ്പിൽ, എക്സ്റ്റൻഷൻ ഓഫീസർ (റിട്ടയേർഡ്), കൽപ്പറ്റ ബ്ലോക്ക്, വയനാട് (ഗ്രാമവികസന കമ്മീഷണർ മുഖേന).

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം ബ്രാഞ്ച് (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ